സമുദായ പ്രാതിനിദ്ധ്യം

*വ്യവസ. (ഫ്ര ർ) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഉദ്യോഗനിയമനത്തിൽ സമുദായ പ്രാതിനിദ്ധ്യം ഗവണ്മെൻറ് ഇപ്പോൾ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിക്കുന്ന തത്വം എന്താണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അർഹതയുള്ളവരും പൂർണ്ണയോഗ്യതയുള്ളവരുമായ അപേക്ഷകന്മാർ ഉള്ളപ്പോൾ, എല്ലാസമുദായക്കാർക്കും ന്യായമായ അവസരം നൽകുന്നുണ്ടു്.

(ബി) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഇൻഡ്യൻ ഭരണഘടന ഭാഗം—൩ വകുപ്പിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഭക്ഷ്യധാന്യ നിയന്ത്രണം

*വ്യവ൪ (ഫ ൭) സാഹിബ് ബഹദൂർ എ.മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ഭക്ഷ്യധാന്യ നിയന്ത്രണം സംബന്ധിച്ചു് അന്വേഷണം നടത്തുവാൻ കേന്ദ്ര കാൺഗ്രസ്സു് പാർട്ടി പണ്ഡിറ്റു് താക്കൂർദാസ് ഭാർഗ്ഗവായുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മറിയുടെ റിപ്പോർട്ട് ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഗവണ്മെൻറു് വാങ്ങിക്കഴിഞ്ഞു മിച്ചമുള്ള ഭക്ഷ്യധാന്യങ്ങൾ സ്വതന്ത്രമായി വിൽക്കുവാൻ കർഷകരെ അനുവദിക്കേണ്ടതാണെന്നു ആ കമ്മറി ശുപാർശ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

GOVERNMENT FARM LABOURERS

*885 (23) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state:

(a) Has the Government taken any steps to meet the demands of Government Farm labourers, and

(b) Is it a fact that the wages paid to them are much lower than what an ordinary labourer gets outside?

The Minister for Education Food and Labour **(Sri. T. K. Narayana Pillai:)**

(a) No.

(b) No.

ആയുർവ്വേദാശുപത്രി

*വ്യവസ (൨൨) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലായിലെ സർക്കാർ ആയുർവ്വേദാശുപത്രിയിൽ ഇപ്പോൾ ദിവസം ശരാശരി എത്ര രോഗികൾ മരുന്നിനായി വരുന്നു;

(ബി) എത്രപേരെ കിടത്തി ചികിത്സിക്കുന്നുണ്ടു്;

(സി) എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനു് അവിടെ സൌകര്യമുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവിടത്തെ വിഷ ചികിത്സക്കായി ക ഒ ര, ക ഒ ങ, ക ഒ ന്ന എന്നീവഷ്ടങ്ങളിൽ എത്ര രോഗികൾ വന്നിട്ടുണ്ട്;

(ഇ) അവിടത്തെ വിഷവൈദ്യൻ അവിടെ നിന്നും പോകുവാൻ കാരണം, അദ്ദേഹത്തിനു് സക്കാരിൽ നിന്നും നൽകിവന്ന ശമ്പളക്കുറവാണോ;

(എഫ്) പ്രസ്തുത ആശുപത്രിയിലെ വൈദ്യന്മാക്ക നൽകുന്ന ശമ്പളം കുറവാണെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഒന്നുമില്ല.

(ബി) ശരാശരി ദിവസത്തിൽ ഒ വീതം.

(സി) ര.

(ഡി) ക ക ഒ ര-ൽ ക ങവ ങ.

ക ക ഒ ങ-ൽ ക ര ഒ ഒ.

ക ക ഒ ന്ന-ൽ (ഒ ന്ന-സ-ഒ ന്ന വരെ) ന്യൂനം.

(ഇ) ശമ്പളക്കുറവുകൊണ്ടല്ല.

(എഫ്) ഇല്ല.

വൈദ്യന്മാർ

*വ്വ൭ (ന ം) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടിപറയുമോ;

(എ) ഐകൃസംസ്ഥാനത്തിൽ ആയുർവ്വേദ വൈദ്യന്മാരുടെ പാസുകൾ എന്തെല്ലാമാണെന്നു് പറയുവാൻ ദയവുണ്ടാകുമോ;

(ബി) അത്തരം പരീക്ഷകളിൽ ഉയന്തരം പരീക്ഷകൾ എന്തെല്ലാമാണു്;

(സി) ഉയന്തരം പരീക്ഷകൾ പാസ്സായവരുടെ ഉദ്യോഗ നിയമന കാര്യത്തിൽ താണതരം പരീക്ഷ പാസ്സായവരുമായി പരിഗണന നൽകുന്നതും, സീനിയോറിറ്റി നിർണ്ണയിക്കുന്നതും എന്തടിസ്ഥാനത്തിലാണു്;

(ഡി) ഒരു തത്വത്തിന്മേലല്ലാതെ സീനിയോറിറ്റി നിശ്ചയിക്കുന്നതുകൊണ്ടു് വലിയ പരീക്ഷപാസ്സായ ആയുർവ്വേദ വൈദ്യന്മാക്കു് സീനിയോറിറ്റി നഷ്ടപ്പെട്ടുപോയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രപേർ ഉണ്ടെന്നു് പറയുവാൻ ദയവുണ്ടാകുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ആയുർവ്വേദ വൈദ്യന്മാരുടെ പാസുകൾ താഴെ പറയുന്നവയാണു്.

(ക) ആയുർവേദാചാര്യ പരീക്ഷ.
(ഖ) ഹൈയർ മെഡിക്കൽ സർട്ടിഫിക്കറ്റ് പരീക്ഷ.
(ഗ) വൈദ്യകലാനിധി പരീക്ഷ.
(ഘ) ആയുർവേദ ഭൂഷണം പരീക്ഷ.
(ങ) ആയു് വൈദ്യ പരീക്ഷ.
(ച) തിരുവിതാംകൂറിലേയും മൈസൂറിലേയും വൈദ്യശാസ്ത്രി പരീക്ഷകൾ.
(ഛ) കെ. എ. സമാജം പരീക്ഷ.
(ജ) എൽ. ഐ. എം. പരീക്ഷ.
(ഝ) എ. എൽ. ഐ. എം. പരീക്ഷ.
(ഞ) നേത്രവൈദ്യ വിശാരദ പരീക്ഷ.
(ട) വിഷവൈദ്യ വിശാരദ പരീക്ഷ.
(ഠ) മർമ്മ വൈദ്യ വിശാരദ പരീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly